# സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 1

ഓൺലൈൻ അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ കാര്യാലയം, തസ്വഭവ ,കോട്ടയം

14.06.2024 11.AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Jipson, Asst.Executuve Engineet,Ettumanoor Block Panchayath
3. Amithamol P Asst.Executuve Engineet,Pallom Block Panchayath
4. Vishnuprasad U Asst. Town Planner LSGD Kottayam
5. Sureshkumar Asst.Executuve Engineet,Madappally Block Panchayath

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

1. സോമൻ ഈ. എം പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് – 23/10/2023ൽ കെട്ടിട നമ്പറിനായി നൽകിയ അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നതാണ് പരാതി. പരാതിക്കാരൻ ഹാജരായില്ല. സെറ്റ് ബാക്ക് ലഭിക്കാത്തതുമൂലമാണ് നമ്പർ നൽകാൻ സാധിക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചു. ഇത് സംബന്ധിച്ച് ജില്ല ടൗൺ പ്ലാനിങ് ഓഫീസിലേക്ക് എഴുതിയിരുന്നു. 2019 ന് മുൻപ് പണി പൂർത്തിയാക്കിയ കെട്ടിടം ആണെങ്കിൽ പുതിയ ക്രമവൽക്കരണ ഉത്തരവ് പ്രകാരം ചെയ്തു നൽകാവുന്നതാണ് എന്ന് അസിസ്റ്റൻറ് ടൗൺ പ്ലാനർ അറിയിച്ചു. വിശദമായ അന്വേഷണം നടത്തി പുതിയ ഉത്തരവിന്റെ പരിധിക്കുള്ളിൽ വരുന്നതാണെങ്കിൽ നമ്പർ നൽകാൻ ഉള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചു.
2. ബോസ് പബ്ലിക് ലൈബ്രറിക്ക് വേണ്ടി കെ.സി ചെറിയാൻ ഹാജരായി. 1957ൽ നിർമ്മിച്ച കെട്ടിടത്തിന് 2014ൽ ഹാൾ പണിയുന്നതിനായി ഒരു ലക്ഷം രൂപ എംപി ഫണ്ടിൽനിന്ന് അനുവദിച്ചു കിട്ടുകയും പെർമിറ്റിന് അപേക്ഷിച്ചപ്പോൾ ലഭിക്കാതിരുന്നതിനാൽ നിർമിതി കേന്ദ്രം പണി ഏറ്റെടുത്ത് പൂർത്തിയാക്കുകയും ചെയ്തു. അസ്ബറ്റോസ് ഷീറ്റ് മേഞ്ഞ് പണിത ഹാൾ കാലപഴക്കത്താൽ ചോർന്നൊലിക്കുന്നതായും, ഷീറ്റുകൾ മാറ്റി മേൽക്കൂര പുതുക്കി പണിയുന്നതിനായി പെർമിറ്റിന് നഗരസഭയിൽ അപേക്ഷ നൽകിയതായും പറഞ്ഞു. 2023 ജൂണിൽ എല്ലാ രേഖകളും, വീതി കൂട്ടേണ്ടി വന്നാൽ സ്വന്തം ചിലവിൽ പൊളിച്ചു മാറ്റിക്കൊള്ളാം എന്ന് സത്യവാങ്മൂലം ഉൾപ്പെടെ നഗരസഭയിൽ അപേക്ഷ നൽകിയെങ്കിലും ഇതുവരെ പെർമിറ്റ് ലഭിച്ചിട്ടില്ല എന്നതാണ് പരാതി. മാസ്റ്റർ പ്ലാനിന്റെ വൈഡനിങ്ങിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലമായതിനാലാണ് പെർമിറ്റ് നൽകാൻ തടസ്സം ഉള്ളത് എന്ന് സെക്രട്ടറി അറിയിച്ചു. സെക്രട്ടറിയും അസിസ്റ്റൻറ് എൻജിനീയറും സ്ഥലം സന്ദർശിച്ച ശേഷം റിപ്പോർട്ട് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു.
3. ഗായത്രി എം . വി – കോട്ടയം മുനിസിപ്പാലിറ്റി – 2021-22, 2022-23 വർഷങ്ങളിൽ കടയുടെ ലൈസൻസ് പുതുക്കാൻ അപേക്ഷിച്ചിരുന്നുവെങ്കിലും ലൈസൻസ് പുതുക്കുവാനോ കട പ്രവർത്തിപ്പിക്കുവാനും സാധിച്ചിരുന്നില്ല. പിന്നീട് ഫൈൻ കുറച്ചു തരണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ കൊടുത്തിരുന്നു അത് പരിഗണിച്ചിട്ടില്ല. എന്നാൽ അങ്ങനെ ഫൈൻ കുറച്ചു നൽകാൻ നിയമപരമായി സാധിക്കുന്നതല്ല എന്ന് സെക്രട്ടറി അറിയിച്ചു. ആയത് സർക്കാരിന്റെ പരിഗണനയ്ക്കായി സെക്രട്ടറിക്ക് ശുപാർശ ചെയ്തു അയക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ നിർദ്ദേശിച്ചു.

4. ജോസഫ് മാത്യു മാടപ്പള്ളി ഗ്രാമപഞ്ചായത്ത്- ഗ്രാമപഞ്ചായത്തിൽ നിന്ന് അംഗീകരിച്ച് ലഭിച്ച പ്ലാൻ പ്രകാരമാണ് കെട്ടിടം നിർമ്മിച്ചത് എന്നും എന്നാൽ കംപ്ലീഷൻ സമയത്ത് വയലേഷൻ ഉണ്ട് എന്ന് കാണിച്ച് കെട്ടിട നമ്പർ നൽകാതിരിക്കുകയും ചെയ്യുന്നു എന്നതാണ് പരാതി. സെറ്റ് ബാക്കിൽ കുറവുള്ളത് കാരണം ആണ് നമ്പർ നൽകാൻ സാധിക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചു. പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വന്ന തെറ്റായതിനാൽ ഇദ്ദേഹത്തിന് പ്രത്യേക പരിഗണന നൽകി നമ്പർ നൽകാൻ സാധിക്കുമോ എന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് കത്തയക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചു.ഇതോടൊപ്പം പരാതിക്കാരന് പെർമിറ്റ് അനുമതി നൽകിയ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ടു.
5. സിമി സിജു - ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്- മകന്റെ ജനന സർട്ടിഫിക്കറ്റ് ഇതുവരെ ലഭിച്ചിട്ടില്ല എന്നതാണ് പരാതി. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് ജനനം രേഖപ്പെടുത്തി കിട്ടാത്തതിനാൽ ആണ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്തത്. R.D.O യുടെ നിരാക്ഷേപ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചു.
6. സ്മിത മാത്യു ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി താലൂക്ക് സർവെയറിന്റെ സ്കെച്ച് മുനിസിപ്പാലിറ്റി ഇടപെട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

അദാലത്ത് കൃത്യം 1 മണിക്ക് അവസാനിച്ചു.

Dr.ചിത്ര പി അരുണിമ KAS
ഇന്റേണൽ വിജിലൻസ് ഓഫീസർ